**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **05-02-2026 - ൽ മറുപടിയ്ക്ക്**

**കെ-ഫോൺ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയ്ക്ക് സംസ്ഥാനത്തെ ഇന്റർനെറ്റ് വിടവ് കുറയ്ക്കുവാൻ സാധ്യമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സേവനം ആരംഭിച്ച് കുറഞ്ഞ കാലയളവിൽ തന്നെ ഒരു ലക്ഷത്തിലധികം ഇന്റർനെറ്റ് കണക്ഷൻ നൽകാൻ കെ-ഫോണിനു സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനായി കൂടുതൽ കണക്ഷനുകൾ നൽകികൊണ്ട് കെ-ഫോൺ പദ്ധതി മുന്നോട്ട് പോകുകയാണ്. സമഗ്രമായ ഒരു ഇന്റർനെറ്റ് ശൃംഖല രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിക്കാൻ കെ-ഫോണിന് സാധിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ ഗുണഫലങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിപ്പിക്കുന്ന നടപടിയുടെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷനുകൾ നൽകി വരുന്നുണ്ട്. നിലവിൽ 14,195 കുടുംബങ്ങൾക്ക് സൗജന്യമായി കണക്ഷൻ നൽകിയിട്ടുണ്ട്. ആകെ 1,44,901 കണക്ഷനുകളാണ് കെ-ഫോൺ ഇതുവരെ നൽകിയിരിക്കുന്നത്. കുറഞ്ഞ ചെലവിൽ സ്ഥിരതയുള്ള ഹൈസ്പീഡ് ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനാൽ സാധാരണ ജനങ്ങൾക്കും സാമ്പത്തികമായി പിന്നാക്കമായ കുടുംബങ്ങൾക്കും ഡിജിറ്റൽ സേവനങ്ങൾ നന്നായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നു. മതിയായ ഇന്റർനെറ്റ് സൗകര്യമില്ലാത്ത ഗ്രാമീണവും പിന്നാക്കവുമായ പ്രദേശങ്ങളിലേക്ക് ഇന്റർനെറ്റ് സേവനം എത്തിക്കാൻ കെ-ഫോണിന് സാധിക്കുന്നുണ്ട്. |
| (ബി) | കെ-ഫോൺ പദ്ധതി പഠിക്കുന്നതിനും പകർത്തുന്നതിനുമായി ഇതര സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ എത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കെ-ഫോൺ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി തമിഴ്നാട്, തെലങ്കാന, സിക്കിം എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ കേരളം സന്ദർശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ-ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യത്യസ്തമേഖലകളിലായി ഇതുവരെ നൽകിയ കണക്ഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ; | (സി) | കെ-ഫോൺ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ആകെ 1,44,901 കണക്ഷനുകളാണ് കെ-ഫോൺ ഇതുവരെ നൽകിയിരിക്കുന്നത്. വ്യത്യസ്തമേഖലകളിലായി നൽകിയ കണക്ഷനുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് തടസ്സരഹിത ഇന്റർനെറ്റ് സംവിധാനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;? | (ഡി) | തടസ്സരഹിത ഇന്റർനെറ്റ് സംവിധാനം വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി കെ-ഫോൺ ലിമിറ്റഡ് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ബി.പി.എൽ കണക്ഷനുകൾ | റീട്ടെയിൽ കണക്ഷനുകൾ | സർക്കാർ ഓഫീസുകൾ | മറ്റ് കണക്ഷനുകൾ |
|---|---|---|---|---|
| ആലപ്പുഴ | 581 | 4,331 | 1203 | 267 |
| എറണാകുളം | 993 | 8,772 | 1549 | 221 |
| ഇടുക്കി | 404 | 5,933 | 1194 | 261 |
| കണ്ണൂർ | 853 | 4,185 | 913 | 361 |
| കാസർഗോഡ് | 583 | 1,429 | 2219 | 158 |
| കൊല്ലം | 1453 | 7,115 | 1605 | 268 |
| കോട്ടയം | 471 | 10,100 | 2110 | 379 |
| കോഴിക്കോട് | 964 | 9,210 | 1687 | 283 |
| മലപ്പുറം | 3558 | 21,859 | 2379 | 461 |
| പാലക്കാട് | 1173 | 9,739 | 1970 | 389 |
| പത്തനംതിട്ട | 388 | 2,478 | 1014 | 228 |
| തിരുവനന്തപുരം | 867 | 5,716 | 2187 | 580 |
| തൃശ്ശൂർ | 1220 | 6,542 | 2340 | 342 |
| വയനാട് | 687 | 5,749 | 793 | 187 |
| ആകെ | 14195 | 103,158 | 23163 | 4,385 |
| ആകെ | | | | 1,44,901 |